# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATSR/P(11)-310/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 14/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR/P(11)-310/2023 തീയ്യതി: 14/04/2023

## തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ{ ഹ.ഗ്രേ } | 07-02-2023 | 16-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2023 | 16-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.വിനീത മോഹൻദാസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.സിന്ധു.കെ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ശ്രീമതി.സുജാത.പി | സെക്രട്ടറി | 07-04-2021 | 17-09-2021 |
| ശ്രീ.സനീഷ് കെ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-09-2021 | 24-09-2021 |
| ശ്രീമതി.സുജാത.പി | സെക്രട്ടറി | 25-09-2021 | 12-01-2022 |
| ശ്രീമതി.സിന്ധു.കെ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2022 | 18-01-2022 |
| ശ്രീമതി.സുജാത.പി | സെക്രട്ടറി | 19-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നീതു ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2021 | 06-10-2021 |
| ശ്രീമതി. ഭാനു ശാലിനി | കൃഷി ഓഫീസർ | 07-10-2021 | 31-03-2022 |
| ശ്രീമതി.സോന ഒ.ടി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ജീന | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.പ്രീതി ദേവദാസ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.സാജു ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2021 | 07-12-2021 |
| ഡോ. സിബി സോമു | വെറ്ററിനറി സർജൻ | 08-12-2021 | 21-12-2021 |
| ഡോ. ശിവനാരായണൻ | വെറ്ററിനറി സർജൻ | 22-12-2021 | 31-03-2022 |
| ശ്രീമതി. രാജശ്രീ.ടി.എ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ഹസീന ടി.എച്ച് | വി.ഇ ഒ. ഓണപ്പറമ്പ് സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി.രഹിത ഒ.കെ | വി.ഇ ഒ. പെരിഞ്ഞനം സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിന്ധു.കെ.ആർ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ഓമന സി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 08-07-2021 |
| ശ്രീമതി. ഗിരിജ സി.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 09-07-2021 | 21-10-2021 |
| ശ്രീമതി. ഹൃദ്യ എൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 22-10-2021 | 22-02-2022 |
| ശ്രീമതി. പ്രമിന | ഐ സി ഡി എസ് സൂപ്പർവൈസർ | 23-02-2022 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.അൻസിൽ പി.എം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 25-01-2022 |
| ശ്രീമതി.ലീന തോമസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 26-01-2022 | 31-03-2022 |
| ശ്രീമതി.അതുല്യ വി.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപെൻഷനുകൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-1 |
| 12 | സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകളിൽ വ്യത്യാസം -വസ്തുനികുതി റെസിഡൻഷ്യൽ (തൻവർഷം) | 1-10-2 |
| 13 | സഞ്ചയ സോഫ്റ്റ്‌വെയറിലെ ഗണിതക്രിയയിൽ വ്യത്യാസം -വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(തൻവർഷം) | 1-10-3 |
| 14 | സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗണിത ക്രിയയിൽ വ്യത്യാസം-വസ്തുനികുതി-റെസിഡൻഷ്യൽ (കുടിശ്ശിക) | 1-10-4 |
| 15 | സഞ്ചയ സോഫ്റ്റ്‌വെയർ ഗണിതക്രിയയിൽ വ്യത്യാസം-വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക) | 1-10-5 |
| 16 | ലൈബ്രറി സെസ്സ്- വാർഷികകകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 17 | വസ്തുനികുതി-യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-10-7 |
| 18 | ലൈബ്രറി സെസ്സ് കളക്ഷൻ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല | 1-10-8 |
| 19 | "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചത് അംഗീകരിക്കുന്നില്ല | 1-10-9 |
| 20 | ലൈബ്രറി സെസ്സ് - വ്യത്യാസം പരിഹരിക്കേണ്ടതാണ് | 1-10-10 |
| 21 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം ഡിമാന്റ് ജേണൽ എൻട്രി ചേർക്കുന്നില്ല | 1-10-11 |
| 22 | രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല | 1-10-12 |

| | | |
|---|---|---|
| 23 | മുൻകൂർ ആയി ലഭിച്ച തുക ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല | 1-10-13 |
| 24 | Prior Period Item-വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല | 1-10-14 |
| 25 | ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല | 1-10-15 |
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-16 |
| 27 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-17 |
| 28 | ഡിപ്രിസിയേഷൻ വർക് ഷീറ്റ്,ജേണൽ വൌച്ചർ ഹാജരാക്കിയില്ല. | 1-10-18 |
| 29 | ഇൻവെസ്റ്റ്മെന്റ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-10-19 |
| 30 | തൊഴിലുറപ്പ് പദ്ധതി-ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല | 1-10-20 |
| 31 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-10-21 |
| 32 | Auction തുകകൾ ക്രമീകരിക്കേണ്ടതാണ് | 1-10-22 |
| 33 | അഡ്വാൻസ് രജിസ്റ്റർ,വായ്പ രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല | 1-10-23 |
| 34 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല | 1-10-24 |
| 35 | ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ ചേർത്തിട്ടില്ല | 1-10-25 |
| 36 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല | 1-10-26 |
| 37 | " Capital Contribution" ഒരേ തുക രേഖപ്പെടുത്തി. | 1-10-27 |
| 38 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-10-28 |
| 39 | ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ചെക്കുകൾ ക്യാഷ് ചെയ്തിട്ടില്ല. തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-10-29 |
| 40 | " Directly Debited By Bank"പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-10-30 |
| 41 | "Directly Credited By Bank" നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-10-31 |
| 42 | യഥാർത്ഥബാങ്ക് അക്കൗണ്ട് ബാലൻസ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ പാസ്ബുക്ക് ബാലൻസ് എന്നിവയിൽ വ്യത്യാസം | 1-10-32 |
| 43 | റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക്ബുക്ക് ബാലൻസ് യഥാർത്ഥബാങ്ക്ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല. | 1-10-33 |
| 44 | രസീതി ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-11 |
| 45 | തൊഴിൽനികുതി -രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-12 |

| | | |
|---|---|---|
| 46 | വസ്തുനികുതി-അപാകതകൾ | 1-13 |
| 47 | തുടർനടപടികൾ അറിയിക്കേണ്ടതാണ്. | 1-14 |
| 48 | വ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു. | 1-15 |
| 49 | മൂലധന നിക്ഷേപത്തിനനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. | 1-16 |
| 50 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-17 |
| 51 | വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം -മൊബൈൽഫോൺ നൽകൽ -കൈപ്പറ്റ് രസീത് ഇല്ല. | 1-18 |
| 52 | സാമൂഹ്യ സുരക്ഷാ പെൻഷൻ മരണപ്പെട്ടവർക്ക് നൽകി | 1-19 |
| 53 | കന്നുകുട്ടി പരിപാലന പദ്ധതി -ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോയി . | 1-20 |
| 54 | സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി പ്ലാൻ ഫണ്ട് ചെലവിട്ടത് നിയമപരമല്ല. ആകെ ചെലവ് 29820 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-21 |
| 55 | അംഗനവാടി പോഷകാഹാരം ഒരേ ബില്ലിൽ രണ്ടു തുക മാറിയെടുത്ത് ചെലവു ചെയ്തത് തിരികെ ഈടാക്കേണ്ടതാണ്. | 1-22 |
| 56 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വിഹിതം കൈമാറൽ/ഡെപ്പോസിറ്റ് പ്രോജക്ടുകൾ -പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 57 | ജലജീവൻമിഷൻ - ഗുണഭോക്തൃ വിഹിതമടക്കം കൈമാറിയ തുകക്ക് വിനിയോഗ വിവരം ലഭ്യമല്ല. | 1-24 |
| 58 | സ്റ്റോക്ക് എൻടി, സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് - സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരമുള്ള നടപടി ക്രമങ്ങൾ കൃത്യതയോടെ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ് | 1-25 |
| 59 | പാലിയേറ്റീവ് കെയർ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-26 |
| 60 | വാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ലഭിച്ച തുക ക്രമീകരിച്ചിട്ടില്ല | 1-27 |
| 61 | കോഴി വളർത്തൽ-അധിക വരുമാനം ഉള്ള വ്യക്തിക്ക് നൽകി. | 1-28 |
| 62 | കോഴി വളർത്തൽ കൈപ്പറ്റ് രസീത് ഇല്ല. | 1-29 |
| 63 | കൃഷിഭവന് ചുറ്റുമതിൽ -പാർട്ട് ബിൽ നൽകി ഒരു വർഷമായിട്ടും പ്രവ്യത്തി പൂർത്തീകരിച്ചിട്ടില്ല. | 1-30 |
| 64 | തൊഴിലുറപ്പ് പദ്ധതിയുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ. | 1-31 |


ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 17.02.2021, തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 171220496 | 166762000 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 25.03.2022, തീരുമാനം നം. 6[1] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 167740327 | 158184921 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 29.07.2022 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 9271243.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 82427041.00 |
| ആകെ | 91698284.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 82427990 |
| നീക്കിയിരിപ്പ് | 9270294 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12357195 | 12357195 | 12310731 | 46464 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 4949895 | 4949895 | 4838000 | 111895 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7670000 | 7670000 | 7611840 | 58160 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4870979 | 4870979 | 4061722 | 809257 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 7347991 | 7347991 | 6914213 | 433778 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് (ACR പ്രകാരം) | | | | | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 171 | 84746159 | 159 | 64789910 | 76.45 | 92.98% |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 1200 | - |
| കർഷകതൊഴിലാളി പെൻഷൻ | 23,02,400.00 | 122 |
| വിധവാ പെൻഷൻ | 1,92,49,400.00 | 1043 |
| വാർദ്ധക്യകാല പെൻഷൻ | 3,44,77,100.00 | 1943 |
| വികലാംഗ പെൻഷൻ | 53,66,000.00 | 285 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8,75,200.00 | 46 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | ഇല്ല | |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 51016 | 648541 | 699557 | 699539 | 18 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 21296061 | 21296061 | 22177573 | 0 |

തൊഴിലുറപ്പ പദ്ധതി അക്രഡിറ്റഡ് എഞ്ചിനീയർ നൽകിയ കണക്കുകളാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്. ഇത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-02-2023 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38560/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷിക കണക്കിലെ അപാകതകൾ

പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകളിൽ താഴെപ്പറയുന്ന അപാകതകളുണ്ട് (ഓഡിറ്റ് എൻക്വയറി നം. 15/15.02.2023).

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

### 1-10-2 സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകളിൽ വ്യത്യാസം -വസ്തുനികുതി റെസിഡൻഷ്യൽ (തൻവർഷം)

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3126729 | 3103955 | 24167 | 15325 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3126729 | 3097640 | 33403** | *15325 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *(16093 /105X100)=15326 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.മുൻകൂർ ക്രമീകരിച്ച തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

3.ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു(ഡിമാന്റ്-

കളക്ഷൻ+മുൻകൂർ= ബാലൻസ് ).

4.**2921രൂപ Prior Period Income Popery Tax ഇനത്തിൽ അഡ്വാൻസായി ക്രമീകരിച്ചിട്ടുണ്ട്. ഇതിന് ആധാരമായ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-10-3 സഞ്ചയ സോഫ്റ്റ്‌വെയറിലെ ഗണിതക്രിയയിൽ വ്യത്യാസം -വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(തൻവർഷം)

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2227171 | 2153727 | 26689 | 54603 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2227171 | 2125262 | 39294 | *54603 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 57336 /105X100)=54605 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. മുൻകൂർ ക്രമീകരിച്ച തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

3. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു(ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് ).

## 1-10-4 സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗണിത ക്രിയയിൽ വ്യത്യാസം-വസ്തുനികുതി-റെസിഡൻഷ്യൽ (കുടിശ്ശിക)

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 110233 | 13251 | 96987 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *112676 | 13251 | **96987 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (23209+95101=118310/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (101849/105X100)=96999 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ |

| | | | |
|---|---|---|---|
| | | | തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.ഡിമാന്റ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു(ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് ).

## 1-10-5 സഞ്ചയ സോഫ്റ്റ്‌വെയർ ഗണിതക്രിയയിൽ വ്യത്യാസം-വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 233701 | 109517 | 124203 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 233740 | 108593 | 124203 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(108656+136771=245427/105*100)=233740 | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **130424/105X100)=124213 ,ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ് , കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു(ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് ).

## 1-10-6 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 158350 | 5536 | 163886 | 156654 | 669 | 157323 | 1565 | | 768 | 4862 | 5630 |
| | നോൺ-റെസിഡൻഷ്യൽ | 112165 | 11724 | 123889 | 108393 | 5484 | 113877 | 1387 | | 2733 | 6221 | 8954 |
| | ആകെ | | | 287775 | | | 271200 | 2952 | | 14584 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 288164 | | | 269938 | | | | 274636 | 14584 | | |
| | | 17649+ 270515=288164(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

### 1-10-7 വസ്തുനികുതി-യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിൽ 212 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31/3/2022 ന് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-8 ലൈബ്രറി സെസ്സ് കളക്ഷൻ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 269938 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 271200 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 274636 രൂപയാണ്.

### 1-10-9 “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചത് അംഗീകരിക്കുന്നില്ല

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധനയിൽ 2921 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും,വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100881 | 31/3/2022 | 2921 |

### 1-10-10 ലൈബ്രറി സെസ്സ് - വ്യത്യാസം പരിഹരിക്കേണ്ടതാണ്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 305702രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 14557 (305705/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 14584രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

### 1-10-11 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം ഡിമാന്റ് ജേണൽ എൻട്രി ചേർക്കുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(19 കെട്ടിടങ്ങൾ) | 130100101-Rent From Building | 722,144 | 31/3/2022 | 42100937 |
| 2. | ഭൂമി പാട്ടം | 130100102-Rent From Lease Of Lands | 1500 | 31/3/2022 | 42100938 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-12 രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 . തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 . തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ലൈബ്രറി രജിസ്റ്റർ

6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

### 1-10-13 മുൻകൂർ ആയി ലഭിച്ച തുക ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 200800 |
| 2 | ലൈസൻസ് | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 155700 |
| 3 | വാടക | 350410401-Advance Collection Of Revenues-Rent From Buildings | 3249 |

### 1-10-14 Prior Period Item-വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 378(Difference In RP & IE) |
| 190200401-Prior Period Income-Other Income | (820211) |
| 290800701-Prior Period Expenses-miscellaneous Expenses | (855670) |

### 1-10-15 ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-17 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-949) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1985800രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-18 ഡിപ്രിസിയേഷൻ വർക് ഷീറ്റ്,ജേണൽ വൌച്ചർ ഹാജരാക്കിയില്ല.

2021-22 വർഷത്തെ Income And Expenditure പത്രിക പ്രകാരം 4712812 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-10-19 ഇൻവെസ്റ്റ്മെന്റ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 2507262രൂപയുടെ നിക്ഷേപം കാണുന്നു. ആയതിൽ 7000 രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 1-10-20 തൊഴിലുറപ്പ് പദ്ധതി-ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(C) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 22220236 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ മിനി എം.സി.എഫ് നിർമ്മിക്കുന്നതിനുള്ള 288616 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | മിനി എം.സി.എഫ് നിർമ്മാണം | 288616 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 288616 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 288616 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും

ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്. 2021-22 ൽ 5 വാർഡുകളിലെ മിനി എം.സി.എഫ് നിർമ്മാണത്തിനായി തൊഴിലാളികളുടെ വേതനം ഇനത്തിൽ 6984 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈതുക Capital Work In Progress എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ 2022-23 ലാണ് ചെലവ് വന്നിരിക്കുന്നത്. മേൽ തുകകൾ ഉൾപ്പെടെ നിർമ്മാണ ചെലവ് 2022-23 ൽ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-10-21 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 53060 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളു. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ).

### 1-10-22 Auction തുകകൾ ക്രമീകരിക്കേണ്ടതാണ്

Auction ഇനത്തിൽ താഴെ പറയും പ്രകാരം വരവുണ്ട്.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയിൽ പ്രസ്തുത തുകകൾ Auction Deposit എന്ന ശീർഷകത്തിലാണ് വരവ് വച്ചിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീതി/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 121030100724/22-7-2021 | 210000 | Demolition Of Shopping Complex |
| 2 | 1210104294/21-3-2022 | 200000 | Auction Of Market |
| 3 | 42100936/31-3-2022 | 193375 | Auction Of Market |

ക്രമനമ്പർ 2 ലെ തുക 2022-23 ലേക്കുള്ള അഡ്വാൻസ് തുകയാണ്. ക്രമനമ്പർ 1, 3 ലെ തുകകൾ തൻവർഷത്തെ Auction വരവായി ചേർക്കേണ്ടിയിരുന്നതാണ്. ഇവ 2022-23 ലെ വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

### 1-10-23 അഡ്വാൻസ് രജിസ്റ്റർ,വായ്പ രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല

അഡ്വാൻസ് രജിസ്റ്റർ, വായ്പ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

### 1-10-24 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700104 | Contribution | 253635 | 450210201 | Sub | 531275 |

| | | | | | | |
|---|---|---|---|---|---|---|
| | | For Joint Venture Project (Capital Expenditure) From Block Panchayat | | | Treasury Joint Venture-1872 | |
| 2 | 320700204 | Contribution For Joint Venture Project (Revenue Expenditure) From Block Panchayat | 554217 | | | |
| 3. | 320700205 | Contribution For Joint Venture Project (Revenue Expenditure) From District Panchayat | 14500 | | | |
| | | | 822352 | 531275 | | |

1-10-25 ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ ചേർത്തിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | SBI Covid Special A/C | 228806 |
| 2 | 450210101 | SBILife /356 | 2517605 |

1-10-26 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 76/22, ജലജീവൻമിഷൻ | 49900002/5-9-2021 (400000/-) 26-10-2021(220000) | 620000 | | 460500201Advance To Implementing Agencies-KWA |
| 2 | 93/22സ്ട്രീറ്റ് മെയിൻ വലിക്കൽ | 22100820/24-3-2022 | 509990 | | 460500202Advance To Implementing Agencies-KSEB |
| 3 | 214/22 എസ്.സി.കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | | 1193893 | | 460500202Advance To Implementing Agencies-KSEB |
| 4 | 158/22 CCTV സ്ഥാപിക്കൽ | 22100638/18-2-2022 | 384000 | | 460509901Advance To Others-PWD E/ectronics Division |

1-10-27 " Capital Contribution" ഒരേ തുക രേഖപ്പെടുത്തി.

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്.വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-10-28 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 24701 (A/c. 4316) | 22/11/2021 | 756 |
| 10981(A/c. 4316) | 23/12/2021 | 3250 |
| 7431(A/c. 4316) | 3/5/2021 | 5600 |
| 6116(A/c. 4316) | 16/2/2021 | 3815 |
| 2090 (A/c. 3876) | 7/8/2015 | 600 |
| 64876 (A/c. 6673) | 18/12/2019 | 1000 |
| 761434 (A/c. 6673) | 26/10/2021 | 60000 |
| 0006288(A/c. 6673) | 11/11/2020 | 4000 |
| 741733(A/c. 6673) | 28/5/2021 | 1403 |
| 249887(A/c. 6673) | 25/5/2020 | 150 |
| 364122(A/c. 6673) | 27/1/2021 | 8000 |
| 00005 (A/c. 6673) | 13/5/2020 | 5000 |
| 249878 (A/c. 6673) | 17/3/2020 | 515 |

1-10-29 ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ചെക്കുകൾ ക്യാഷ് ചെയ്തിട്ടില്ല. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം (SBI E Payment Perinjanam A/c .37057905647) "Cheques Deposited But Not Credited" ആയി 10476/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. SBT A/c No. 6673 ൽ 73316 രൂപയും ഈ ഇനത്തിൽ ഉൾപ്പെടുത്തി കാണുന്നു. ബാങ്കിൽ തുക/ചെക്ക് നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ്/രസീപ്റ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-10-30 " Directly Debited By Bank"പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട്പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുകകൾ 31/3/2022 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രിക യിൽ ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .

| | തീയ്യതി | തുക |
|---|---|---|
| Perinjanam Service Co-Op Bank( 102100010004316 ) | 6/10/2021 | 13500 |
| " | 27/12/2021 | 8560 |
| SBT 6673 | 30/3/22 | 1100 |
| ,, | 10/3/22 | 41 |
| ,, | 10/3/22 | 10440 |
| ,, | 30/3/22 | 350 |
| ,, | 30/3/22 | 1100 |
| ,, | 30/3/22 | 450 |
| ,, | 30/3/22 | 35340 |
| ,, | 30/3/22 | 515 |
| ,, | 30/3/22 | 1144 |
| ,, | 23/2/22 | 650 |
| ,, | 3/2/22 | 9084 |
| ,, | 1/3/22 | 27750 |
| | ആകെ | 110024 |

1-10-31 "Directly Credited By Bank" നടപടികൾ സ്വീകരിക്കേണ്ടതാണ്

"Directly Credited By Bank" എന്ന ഇനത്തിൽ 18694 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | തുക |
|---|---|
| 27-03-2022(AC 3876) | 1613 |
| 6/10/2021(A/C 4316) | 13500 |
| 14/2/2022(A/C 5647) | 3581 |
| ആകെ | 18694 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ

ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .

### 1-10-32 യഥാർത്ഥബാങ്ക് അക്കൗണ്ട് ബാലൻസ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ പാസ്ബുക്ക് ബാലൻസ് എന്നിവയിൽ വ്യത്യാസം

കാനറ ബാങ്ക് അക്കൗണ്ട് നം. 1097101057178ൽ, 31/3/2022ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ പാസ്ബുക്ക് ബാലൻസായി ചേർത്ത തുക(0.00) യഥാർത്ഥബാങ്ക് അക്കൗണ്ട് ബാലൻസുമായി (18.00) പൊരുത്തപ്പെടുന്നില്ല.

### 1-10-33 റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക്ബുക്ക് ബാലൻസ് യഥാർത്ഥബാങ്ക്ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

31/3/2022ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക്ബുക്ക് ബാലൻസായി ചേർത്ത തുകയും യഥാർത്ഥബാങ്ക്ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൗണ്ട് നം | ബാങ്ക്ബുക്ക് ബാലൻസ് | ബാങ്ക്ബുക്ക് ബാലൻസ്(റികൺസിലിയേഷൻ പ്രകാരം) |
|---|---|---|
| 10718003876 | 25498 | 23009 |
| 10700699382 | 859111 | 821653 |
| 102100010004510 | 15177 | 14593 |
| 37057905647 | 707557 | 703976 |
| 38059583356 | 2517605 | 1178254 |
| 799011400001872 | 531275 | 530957 |

### 1-11 രസീതി ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

22/6/2021 തീയതിയിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർക്ക് നല്കിയ രസീതി ബുക്ക് നമ്പർ 4127 പരിശോധനയ്ക്ക് ഹാജരാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം.13/15-2-2023). ആയത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 1-12 തൊഴിൽനികുതി -രേഖകൾ ഹാജരാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

A)2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമായില്ല.

1.കെ.കെ രാധാകൃഷ്ണൻ

2.ടി .എം. നിഹാസ്

3. ശ്രീരാജ്. ടി

4.ഹാഷിം. എം.എം

5. ഷെനിൽ കെ. എസ്

6.ഷാജി. എസ്. എസ്

7.രഞ്ജിത് .ടി

8.ഹാഷിം. എം.എം

തൊഴിൽനികുതി ഈടാക്കിയ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ്

അന്വേഷണം നമ്പർ.12/15.2.2023) കരാറുകാർ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെന്ന മറുപടി ലഭ്യമായിട്ടുണ്ട്. കരാറുകാർ തൊഴിൽനികുതി അടവാക്കിയതിന്റെ രസീതികൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

B)വിവിധ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|
| സെൻട്രിയൽ ബസാർ ഇന്ത്യ ലിമിറ്റഡ് | 5 |
| നാസ് എന്റർപ്രൈസസ് | 7 |
| തമാം പാലസ് | 4 |
| കെ. എസ്.കെ | 5 |
| മുബാറക് ഫാമിലി റസ്റ്റോറന്റ് &കാറ്ററിങ് സർവീസ് | 5 |
| എൽ.ബി. ഗാർമെന്റ്സ് | 5 |
| കൊല്ലംകുഴി ഫ്യൂവൽസ് | 8 |
| ചെറാക്കുളം വെസ്സൽസ് &ക്രോക്കറി | 6 |
| മെറ്റൽ ക്രാഫ്റ്റ് ഇൻഡസ്ട്രീസ് | 12 |
| അൽ സുവ ബേക്കേഴ്സ് | 11 |

തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേൺ എന്നിവയുടെ പരിശോധനയിൽ മേൽ സൂചിപ്പിച്ചവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാർ സ്ഥിരം ജീവനക്കാരല്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാർ സ്ഥിരം ജീവനക്കാരല്ല എന്ന് തെളിയിക്കുന്ന രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചട്ടപ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവർ തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരാണ്. ഇത്തരം സ്ഥാപനങ്ങളിൽ അന്വേഷണം നടത്തി തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ഉറപ്പാക്കേണ്ടതും മതിയായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നമ്പർ.12/15.2.2023).

## 1-13 വസ്തുനികുതി-അപാകതകൾ

1)ഫയൽ നം. A3/2507/2021

20.39എം$^2$ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ നമ്പറിങ്ങ്ഫയൽ പരിശോധനയിൽ A3-BA(13137)2018/16.1.2018 നമ്പർ പെർമിറ്റ് പ്രകാരം ടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലം CRZ പരിധിക്കുള്ളിലാണെന്നും ( CRZ ദൂരം-465മീറ്റർ), നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 118എം$^2$, പ്ലാൻ പ്രകാരം 140എം$^2$ എന്നിങ്ങനെ ആണെന്നും 23/10/2021ൽ ഓവർസീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം മാറ്റം വരുത്തിയതായി കാണുന്നില്ല. കൂടാതെ CRZ പരിധിക്കുള്ളിലുള്ള 20.39എം$^2$ കെട്ടിടത്തിന് ആവശ്യപ്പെട്ടാൽ പൊളിച്ചുമാറ്റാമെന്ന കരാറിൽ 2/24A എന്ന നമ്പർ അനുവദിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടത്തിന് നമ്പർ അനുവദിച്ചത് ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമല്ല. അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം.21/16-02-2023) . ഫയൽ പരിശോധിച്ച് വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2)റെഗുലറൈസേഷൻ ഫീ - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

നമ്പറിങ്ങ് ഫയൽ പരിശോധനയിൽ താഴെ പറയുംപ്രകാരം നമ്പർ നല്കിയിട്ടുള്ള കെട്ടിടങ്ങളുടെ പെർമിറ്റിൽ നിന്നും അധികരിച്ച് നിർമ്മിച്ച വിസ്തീർണ്ണത്തിന് റെഗുലറൈസേഷൻ ഫീ ഈടാക്കിയതിന്റെ വിവരങ്ങൾ

ലഭ്യമായില്ല ( ഓഡിറ്റ് അന്വേഷണം നം.21/16-02-2023) .

| കെട്ടിട നമ്പർ | റെഗുലറൈസ് ചെയ്യേണ്ട വിസ്തീർണ്ണം |
|---|---|
| 8/132B (വാണിജ്യം) | 11.48എം$^2$ |
| 12/457A &12/457B (വാണിജ്യം) | 155.95എം$^2$ |
| 11/121A (വാണിജ്യം) | 18.04എം$^2$ |
| 3/379A (വാണിജ്യം) | 64.94എം$^2$ |

റെഗുലറൈസേഷൻ ഫീ ഈടാക്കിയ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1)പഞ്ചായത്തിൽ നിന്നും നിയമാനുസൃതം പെർമിറ്റ് നേടാതെ പുതുക്കി പണിയുന്ന കെട്ടിടങ്ങളിൽ നിന്നും നികുതിയിനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നതായി യോഗം വിലയിരുത്തുകയും ഇത്തരം കെട്ടിടങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിനും നികുതി നിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്( 13/10/2021 ലെ അജണ്ട 8 , തീരുമാനം 1) ആയതിന്റെ തുടർനടപടി വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

2)ഷോപ്പിങ്ങ് കോംപ്ലക്സ് കടമുറികൾ ലേലം ചെയ്ത നടപടികളിലെ ക്രമക്കേട് സംബന്ധിച്ച പരാതിയിന്മേൽ പെർഫോമൻസ് ഓഡിറ്റ് അന്വേഷണം നടത്തി, പഞ്ചായത്തുമായുള്ള കരാർ പ്രകാരം, വാടകക്കാർ കടമുറികൾ മേൽ വാടകയ്ക്ക് നൽകിയിട്ടുള്ള എല്ലാ വാടകക്കാരേയും ഒഴിവാക്കി പുനർലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഷോപ്പിങ്ങ് കോംപ്ലക്സിലെ 5 കടമുറികളിൽ കച്ചവടം നടത്തുന്നവർ മേൽ വാടകയ്ക്ക് ആയതിനാൽ ഈ കടമുറികളിലെ വാടകക്കാരെ ഒഴിവാക്കുന്നതിന് വാടകക്കാർക്ക് കത്ത് നല്കുന്നതിന് 27/12/2021 ൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് (തീരുമാനം 5(1)). ഇതിന്റെ തുടർനടപടി വിവരങ്ങൾ ആവശ്യപ്പെട്ട് നലകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല(ഓഡിറ്റ് അന്വേഷണം നം.20/16-2-2023).
മേൽ കമ്മിറ്റി തീരുമാനങ്ങളുടെ തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 വ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു.

7/342 എന്ന കെട്ടിടത്തിൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ഷന്ദസ് ആയുർവേദിക്സ് എന്ന ആയുർവേദ മരുന്ന് നിർമ്മാണ സ്ഥാപനമാണ് പ്രവർത്തിക്കുന്നത്. എന്നാൽ സഞ്ചയയിലെ ഫോറം നമ്പർ 6 പ്രകാരം പ്രസ്തുത കെട്ടിടത്തിന്, പാർപ്പിടാവശ്യത്തിനുള്ള 7 രൂപ നിരക്കിൽ ആണ്(209 എം2) നികുതി ഈടാക്കി വരുന്നത്. (ഓഡിറ്റ് എൻക്വയറി നമ്പർ-4/9.2.2023) മേൽ സ്ഥാപന ഉടമക്ക് നോട്ടീസ് നൽകിയതായി മറുപടി നൽകി. വസ്തുനികുതി വ്യവസായ ആവശ്യത്തിനുള്ള നിരക്കിൽ പുതുക്കി നിശ്ചയിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-16 മൂലധന നിക്ഷേപത്തിനനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.

ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ തഴെ കൊടുക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ-4/9.2.2023).

1.നാളികേര ഉൽപാദന കമ്പനി ലിമിറ്റഡ്- മൂലധന നിക്ഷേപം -5400000 രൂപ -ഈടാക്കിയ ഫീസ് 500രൂപ.ഉൽപ്പാദന മേഖലയിലെ 25 ലക്ഷത്തിനുമേൽ മൂലധന നിക്ഷേപം ഉള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ഫീസ് 1000 രൂപ ആണ്(31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം).

2.മംഗല്യ ജ്വല്ലേഴ്സ് -മൂലധന നിക്ഷേപം -5000000 രൂപ -ഈടാക്കിയ ഫീസ് 2000രൂപ.31.10.2017 ലെ ഭേദഗതി ചട്ടങ്ങളിലെ പട്ടിക 2 പ്രകാരം സേവന മേഖലയിലെ 25ലക്ഷത്തിനു മേൽ വരുന്ന വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന ലൈസൻസ് ഫീസ് 5000 രൂ വരെയാണ്. 31.10.2017 ലെ ഭേദഗതി വരുന്നതിനു മുൻപ് പട്ടിക

രണ്ട് പ്രകാരമുള്ള ലൈസൻസ് ഫീസ് നിശ്ചയിച്ചിരുന്നത് ഒരു ദിവസത്തെ വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ്. ഒരു ലക്ഷത്തിനു മുകളിൽ ദിവസ വരുമാനമുള്ള സ്ഥാപനത്തിൽ നിന്ന് ഈടാക്കാവുന്ന ഫീസ് 4000 രൂപ ആയിരുന്നു. പുതിയ ചട്ടങ്ങൾ പ്രകാരം ഭേദഗതി വരുമ്പോൾ മുൻപചത്തേക്കാളും കുറഞ്ഞ നിരക്ക് ഈടാക്കുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതല്ല. മുൻ കാലയളവിൽ വാങ്ങിയിരുന്നതിനേക്കാളും കുറയാതെ ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഫീസ് ഇനത്തിൽ വരവില്ല.എന്നാൽ വെറ്ററിനറി സർജൻ ലഭ്യമാക്കിയ രേഖ പ്രകാരം പഞ്ചായത്തിൽ 40 ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫാം ഉടമയുടെ പേര് | കന്നുകാലികളുടെ എണ്ണം |
|---|---|---|
| 1 | രവീന്ദ്രൻ അരവീട്ടിൽ | 10 |
| 2 | ഷീല പുല്ലക്കൽ | 6 |
| 3 | കൃഷ്ണദാസ് കൊല്ലംകുഴി | 12 |
| 4 | റസാഖ് കല്ലിപറമ്പിൽ | 10 |
| 5 | സുരേഷ് ബാബു തോട്ടുങ്ങൽ | 6 |
| 6 | കുമാരദാസ് കളപ്പുരക്കൽ | 8 |
| 7 | മുഹമ്മദ് കോച്ചിപറമ്പിൽ | 8 |
| 8 | സീന ജോസഫ് വലിയവീട്ടിൽ | 6 |
| 9 | രാജലക്ഷ്മി ബാബുരാജ് വലിയവീട്ടിൽ | 9 |
| 10 | വത്സൻ മുല്ലങ്ങത്ത് | 6 |
| 11 | സി ഒ ജോസ് | 15 |
| 12 | ജോയ് അതിയുന്തൻ | 11 |
| 13 | സുകുമാരൻ കറുകപറമ്പിൽ | 7 |
| 14 | ശശി കിഴക്കേടത്ത് | 6 |
| 15 | ഷൈനി കിഴക്കേടത്ത് | 11 |
| 16 | ഇന്ദിര പണ്ടാരപറമ്പിൽ | 15 |
| 17 | അഷ്റഫ് വട്ടപറമ്പിൽ | 5 |
| 18 | അപ്പുകുട്ട പണിക്കർ പുളക്കൽ | 8 |

| | | |
|---|---|---|
| 19 | മധുസൂദനൻ കൈമാപറമ്പിൽ | 7 |
| 20 | നസീർ രായംമരക്കാർ | 10 |
| 21 | അനിൽകുമാർ വലിയപറമ്പിൽ | 11 |
| 22 | ഗോപി പോളശ്ശേരി | 6 |
| 23 | ബാബുരാജൻ പോളശ്ശേരി | 9 |
| 24 | ബിന്ദു ഹരിദാസ് പാപ്പുള്ളി | 35 |
| 25 | അയ്യപ്പദാസ് കാരയിൽ | 25 |
| 26 | രമ പന്തപ്പുളക്കൽ | 10 |
| 27 | ലോറൻസ് തെക്കേപീടികയിൽ | 6 |
| 28 | മിനി മൂന്നാംകുറ്റ് | 6 |
| 29 | പ്രഭാകരൻ കാര്യഴത്ത് | 16 |
| 30 | രതീഷ് അയിനിപ്പുള്ളി | 9 |
| 31 | മുരളി കാരയിൽ | 11 |
| 32 | ശശീന്ദ്രൻ പുന്നക്കത്തറ | 7 |

വെറ്ററിനറി സർജനുമായി ബന്ധപ്പെട്ട് ലൈവ് സ്റ്റോക്ക് ഫാമുകളിൽ പരിശോധന നടത്തി ലൈസൻസ് എടുപ്പിക്കുന്നതിന് ചട്ട പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം -മൊബൈൽഫോൺ നൽകൽ -കൈപ്പറ്റ് രസീത് ഇല്ല.

വൗച്ചർ നമ്പർ-22100632/31.8.21-1,26,000 രൂപ

കോവിഡിനായി സംഭാവന ലഭിച്ച ഫണ്ടിൽ നിന്ന് പഠനോപകരണ ചലഞ്ചിന്റെ ഭാഗമായി 18 മൊബൈൽഫോണുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങിയിട്ടുണ്ട്.(ഇൻവോയ്സ് നമ്പർ-GST-2789/25.8.21 TOKYO SHOP, മറൈൻ ഡ്രൈവ്, കൊച്ചി) സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും ആർക്കെല്ലാം വിതരണം നടത്തി എന്നതിന്റെ വിശദാംശം പരിശോധനക്ക് ഹാജരാക്കിയില്ല. ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം സംബന്ധിച്ച രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. മേൽരേഖകളുടെ അഭാവത്തിൽ ചെലവു തുക 126000 രൂപ തടസ്സപ്പെടുത്തുന്നു(ഓഡിറ്റ് എൻക്വയറി നമ്പർ-22/16.2.2023).

## 1-19 സാമൂഹ്യ സുരക്ഷാ പെൻഷൻ മരണപ്പെട്ടവർക്ക് നൽകി

സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയൽ, സേവന പോർട്ടൽ എന്നിവയുടെ പരിശോധനയിൽ, ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളിൽ പലർക്കും പെൻഷൻ തുടർന്നും ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്തതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ(തരം) | മരണം നടന്ന തീയതി | പെൻഷൻ തുക വിതരണം | പെൻഷൻ അക്കൗണ്ട് സ്റ്റാറ്റസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കൗസല്യ ID-107880600702 | വിധവ പെൻഷൻ | 31.07.2021 | 12/2021 വരെ | Suspended |
| തുളസി മുക്കാടവത്ത് | വിധവ പെൻഷൻ | 06.06.2021 | 12/2021 വരെ | Suspended |

സർക്കാർ ഉത്തരവ് നം.97/2020/ധന,തിയതി.23.9.20 പ്രകാരം മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കാൻ തദ്ദേശ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. എന്നാൽ മേൽ സൂചിപ്പിച്ച ടേബിളിൽ നിന്നും മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും കൃത്യസമയത്ത് ഒഴിവാക്കിയിട്ടില്ല എന്ന് വ്യക്തമാണ്. അധികം നല്കിയ പെൻഷൻ തിരികെ ഈടാക്കിയതിന്റെ വിവരം , അപാകതകൾ എന്നിവ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.( ഓഡിറ്റ് അന്വേഷണം നം.19/15.02.2023 ). തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അനർഹരുടെയും മരണപ്പെട്ടവരുടെയും വിവരം പരിശോധിച്ച് കാലതാമസം കൂടാതെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അനർഹമായി നൽകപ്പെട്ട തുക തിരികെ ഈടാക്കുന്നതിനും സർക്കുലർ നം. 63/2021/fin, തീ. 02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-20 കന്നുകുട്ടി പരിപാലന പദ്ധതി -ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോയി .

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ
ചെലവ് - 375000/-
ബിൽ നമ്പർ- 1/20.10.2021

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിൽ 60 ഗുണഭോക്താക്കളുടെ വിഹിതമായി 375000 രൂ എസ് എൽബിപിക്ക് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തീറ്റ വിതരണം നടത്തുന്ന ക്ഷീര സഹകരണ സംഘത്തിന്റെ നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന ഗുണഭോക്താക്കൾ പദ്ധതി യിൽ നിന്നും വിട്ടുപോയതായി കണ്ടു. വിശദാംശം താഴെ ചേർക്കുന്നു.

1.രാമകൃഷ്ണൻ, കൊട്ടേക്കാട്ട്
2. ജോർ ജ്ജ് അതിയുതൻ
3. രതീഷ് അയിനിപ്പുള്ളി
4. മോഹിനി കിഴക്കേടത്ത്
5. അൻസിയ വലിയകത്ത്
6. പ്രഭാകരൻ കാര്യേത്ത്
7. ഗോപാലകൃഷ്ണൻ , ചക്കാലക്കൽ
8. ഷൈലു പട്ടാണിത്തറ
9.ബാബു രാജൻ പോളശ്ശേരി
10.ചന്ദ്രൻ കളപ്പുരക്കൽ
11.സുലോചന ശ്രീധരൻ
12.കുഞ്ഞപ്പൻ കാരാപ്പുള്ളി

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് നൽകിയ സബ്സിഡിക്ക് ആനുപാതികമായി തീറ്റ കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിഹിതം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

### 1-21 സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി പ്ലാൻ ഫണ്ട് ചെലവിട്ടത് നിയമപരമല്ല. ആകെ ചെലവ് 29820 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ.21230352 തിയ്യതി.09/03/22

പൊതുവിഭാഗം സാധാരണ വിഹിതം - 29820

എച്ച്.എം നടപ്പാക്കിയ പദ്ധതികളിൽ പ്രോജക്ട് നമ്പർ 191/22 പ്രകാരം പഞ്ചായത്തിൽ പ്രതിഭാസംഗമം എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ഇതിൽ പഞ്ചായത്ത് പ്രദേശത്തെവിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥിവിദ്യാർത്ഥിനികളെ ആദരിക്കാനായി സമ്മാന വിതരണത്തിനായാണ് തുക പ്രധാനമായും ചെലവിട്ടിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ. നമ്പർ (കൈ) 22/2018 /തസ്വഭവ തിയ്യതി.14-02-2018 ഖണ്ഡിക 8.4 പ്രകാരം ഇത്തരം പരിപാടികൾക്ക് പ്ലാൻ ഫണ്ട് ചെലവിടാൻ പാടുള്ളതല്ല. 121 മാർഗ്ഗനിർദ്ദേശത്തിന് എതിരായി നൽകിയ ചെലവ് നടപടിയെ സാധൂകരിക്കാനാകും വിധം മറുപടി നൽകുവാൻ ഗ്രാമപഞ്ചായത്തിനായിട്ടില്ല. ആയതിനാൽ ആകെ 29820 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു(ഓഡിറ്റ് എൻക്വയറി നമ്പർ. 5/10-02-23).

## 1-22 അംഗനവാടി പോഷകാഹാരം ഒരേ ബില്ലിൽ രണ്ടു തുക മാറിയെടുത്ത് ചെലവ് ചെയ്തത് തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ. 54/22

നിർവ്വഹണോദ്യോഗസ്ഥൻ. ഐ.സി.ഡി.എസ് സൂപ്പർവൈസർ.

ഈ പ്രോജക്ടിൽ 30/11/2021 ലെ നവ്യജ്യോതി ഫുഡ് പ്രോഡക്ടിന്റെ ബാലാമൃതം 33.5 കിലോയ്ക്ക് 2302 രൂപയ്ക്കുള്ള ഇൻവോയ്സ് ചേർത്ത് (17/01/2022 പ്രകാരമുള്ള ചെക്ക് നമ്പർ 761476 തുക 349970) 2285 രൂപ നവജ്യോതി ഫുഡ് പ്രോഡക്ട്സ് എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് വൗച്ചർ നമ്പർ 22100639 തിയ്യതി 18/02/2022 പ്രകാരം പണമാക്കിയ 7602 രൂപയുടെ ബില്ലിലും 2302 രൂപയുടെ മേൽപ്പറഞ്ഞ ഇൻവോയ്സ് ഉൾപ്പെട്ടിട്ടുണ്ട്. അതായത് 2285 രൂപ അധികമായി സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. ഇത് തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി.നമ്പർ.6/10-02-23).

## 1-23 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വിഹിതം കൈമാറൽ/ഡെപ്പോസിറ്റ് പ്രോജക്ടുകൾ -പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന വിഹിതം കൈമാറൽ/ഡെപ്പോസിറ്റ് പ്രവൃത്തി പ്രോജക്ടുകളിൽ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല.

| ക്രമ. നം | പ്രൊജക്റ്റ് നം./ പേര് | വൗച്ചർ നം/ തീയതി/ചെലവ് തുക | തുക കൈമാറിയ സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|
| 1. | 2/22<br>ഐ കെ എം വിഹിതം നൽകൽ | 22100605/13.7.21 /62009<br>22100897/29.9.21/7110 | ഐ.കെ.എം തിരുവനന്തപുരം | ധനവിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം .7110 രൂപയുടെ കൈപ്പറ്റ രശീതി മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ബാക്കി തുകയ്ക്കുള്ള രശീതി ലഭ്യമാക്കേണ്ടതാണ്. |
| 2. | 79/22<br>കാൻ തൃശ്ശൂർ | 50000 | ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | ധനവിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| 3. | 93/22<br>വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 509992 | കെ.എസ്.ഇ.ബി പെരിഞ്ഞനം | ധനവിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 4. | 214/22 എസ്.സി. കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് | 509992/- | അസി.എക്സി.എഞ്ചിനീയർ P W D ഇലക്ട്രിക്കൽ സബ് ഡി വിഷൻ തൃശ്ശൂർ | ധനവിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| 5. | 158/22 പെരിഞ്ഞനം പഞ്ചായത്ത് ഓഫീസിലേക്ക് സിസി ടി വി | 384000/- | എക്സി.എഞ്ചിനീയർ PWD ഇലക്ട്രോണിക്സ് ഡിവിഷൻ തൃശ്ശൂർ | ധനവിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |

റിമാർക്സിൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക്(നം.7/15.02.23) മറുപടി നൽകി. പൂർത്തീകരണ വിവരവും വിനിയോഗസാക്ഷ്യപത്രവും ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-24 ജലജീവൻമിഷൻ - ഗുണഭോക്തൃ വിഹിതമടക്കം കൈമാറിയ തുകക്ക് വിനിയോഗ വിവരം ലഭ്യമല്ല.

സെക്രട്ടറി നടപ്പാക്കിയ ജലജീവൻ മിഷൻ( 76/22 ) പദ്ധതിയുടെ ഭാഗമായി വിവിധ ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതം (പ്ലാൻ ഫണ്ട് + തനതു ഫണ്ട്), ഗുണഭോക്തൃ വിഹിതം ഇനങ്ങളിലായി ₹2150128 പഞ്ചായത്തിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ചെലവു തുക | വൗച്ചർ നം/ തിയതി |
|---|---|---|
| വികസന ഫണ്ട് | 400000 | 22100609/04.08.21 |
| തനതു ഫണ്ട് | 220000 | |
| ഗുണഭോക്തൃ വിഹിതം | 1530128 | |
| ആകെ | 2150128 | |

1. മേൽ തുക പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനം തുക കൈപ്പറ്റിയതിന് പഞ്ചായത്തിന് യാതൊരു രേഖയും നൽകിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കരാർ ചമച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

15.4.21 ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN 10623 2019 J 6 (DP) നം. കത്ത് പ്രകാരം വാട്ടർ അതോറിറ്റിയുമായി നിലവിൽ കരാറിൽ ഏർപ്പെടേണ്ട എന്ന നിർദ്ദേശം ഉള്ളതിനാലും കരാറിൽ പറയുന്ന വ്യവസ്ഥകൾ പലതും പഞ്ചായത്തിന് സ്വീകാര്യമല്ലാത്തതിനാലുമാണ് വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടാതിരുന്നതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.9/14.02.23) മറുപടി നൽകി.

2. പണം കൈമാറി ഒരു വർഷത്തിലധികമായിട്ടും കേരള വാട്ടർ അതോറിറ്റി കൈപ്പറ്റിയ തുകയുടെ വിനിയോഗ വിവരം പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള കണക്ഷനുകൾ നൽകി കൊണ്ടിരിക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതായും ആയത് പൂർത്തിയാവുന്ന മുറയ്ക്ക് തുകയുടെ വിനിയോഗവിവരം ലഭ്യമാക്കുന്നതാണെന്നും മറുപടിയിൽ പറയുന്നു.

ഗുണഭോക്താക്കളിൽ നിന്നുള്ള വിഹിതം പഞ്ചായത്ത് മുഖേന അടവാക്കിയിട്ടുള്ളതിനാൽ കണക്ഷനും തുടർന്ന് ജലവിതരണവും കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ട ചുമതല പഞ്ചായത്ത് നിർവ്വഹിക്കേണ്ടതുണ്ട്. ആയതിനാൽ പ്രവൃത്തി പുരോഗതി സമയബന്ധിതമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. തുകയുടെ കൈപ്പറ്റും ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-25 സ്റ്റോക്ക് എൻടി, സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് - സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരമുള്ള നടപടി ക്രമങ്ങൾ കൃത്യതയോടെ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണം നടത്തിയ പർച്ചേസ് പ്രൊജക്ടുകളുടെ ഭാഗമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ നടത്തിയത് സ്റ്റോർ പർച്ചേസ് മാന്വലിൽ നിർദ്ദേശിക്കുന്ന രീതിയിൽ സ്റ്റോക്ക് എൻട്രി നടത്തിയിട്ടില്ല. മാന്വൽ ഖ. 12.2.2 പ്രകാരം കാഷ് ബില്ലിന്റെ ഓഫീസ് പകർപ്പിൽ പുതിയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതാണ്. സ്റ്റോക്ക് എൻട്രി രജിസ്റ്ററിൽ ചേർക്കുമ്പോൾ ഇൻവോയ്സ് നം. തീയതി വാങ്ങൽ നടത്തിയ സ്ഥാപനം എന്നീ വിവരങ്ങൾ കൂടി ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം.14/ 15.2.23) നൽകിയതിനെ തുടർന്ന് സ്റ്റോക്ക് എൻട്രി കൃത്യമാക്കി ബോധ്യപ്പെടുത്തി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പാലിയേറ്റീവ് കെയർ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ-സി.എച്ച്.സി നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ(59/22) ഭാഗമായി മരുന്നുകൾക്ക് 435983 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂർ നൽകി. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വൗച്ചർ നം./ തിയതി/തുക | മരുന്നിന് മുൻകൂർ / പ്രൊഫോർമ ഇൻവോയ്സ് നം/തുക | ലഭ്യമായ മരുന്നിന്റെ വിവരം/ഇൻവോയ്സ് നം/തുക | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 300000 | PRF NO:925/25.06.21 /175581/-<br>PRF NO:768/18.06.21 /60507/-<br>PRF NO:3784/2.12.21 /63912/- | 2299/17.5.22/62145<br>22351/7.1.23/12026/-<br>22640/10.1.23 /3961/-<br>23198/16.1.23 /27370/-<br>22794/11.1.23 /17355/-<br>23994/27.1.23/2311/-<br>22345/7.1.23 /14846/-<br>23598/20.1.23 /1038/-<br>24179/30.1.23/424/-<br>Total Amt:141476 | 158524/- |
| ബ്ലോക്ക് പഞ്ചായത്ത് | 135983 22100604/13.7.21 | PRF NO:341/22.5.21 | 22364/7.1.23 /27370/-<br>22645/10.1.23 /3961/-<br>23984/27.1.23/1155/-<br>Total Amt:32486 | 103497/- |
| ആകെ തുക | 435983/- | | 173962/- | 262021/- |

ആയതിൽ 173962 രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി (15.2.23) വരെയും ലഭ്യമായത്. ബാക്കി 262021/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:16/15.02.23

## 1-27 വാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ലഭിച്ച തുക ക്രമീകരിച്ചിട്ടില്ല

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുകകൾ താഴെ പറയും പ്രകാരം വരവിൽ എടുത്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ലെഡ്ജർ | രസീതി/തീയതി | തുക |
|---|---|---|
| 460500201-Deposit To Kerala Water Authority | 1210200293/25.2.2022 | 60000/- |
| | 1210200294/25.2.2022 | 760706/- |
| ആകെ | | 820706/- |

മേൽ തുകകൾ ഏതു ഫണ്ടിൽ നിന്നാണോ പിൻവലിച്ചത് ആ ഫണ്ടുകളിലേക്ക് തിരിച്ചടവാക്കി ക്രമീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മേൽ തുക തിരിച്ചടവാക്കി ക്രമീകരിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ജലജീവൻ മിഷൻ പദ്ധതി വിഹിതം അടവാക്കുന്നതിന് ടി തുക ഉപയോഗിക്കാമെന്ന ഉത്തരവിന് വിധേയമായി ടി തുക ജലജീവൻ മിഷൻ വിഹിതത്തിന് വകയിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്( ഓഡിറ്റ് അന്വേഷണം നം.11/15-02-2023) .

## 1-28 കോഴി വളർത്തൽ-അധിക വരുമാനം ഉള്ള വ്യക്തിക്ക് നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പദ്ധതി നമ്പർ-107/22

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 2/23.10.21 | 89400 |
| 4/8.12.21 | 82200 |
| 6/16.3.22 | 91200 |
| 14/25.3.22 | 14400 |

കോഴി വളർത്തൽ പദ്ധതിയിൽ സ്മിത സന്തോഷ് എന്ന വ്യക്തി രസീത് നമ്പർ77/4125 (തീയതി ഇല്ല) പ്രകാരം ഗുണഭോക്തൃ വിഹിതം 600 രൂപ അടവാക്കിട്ടുണ്ട്. ടി വ്യക്തിയുടെ റേഷൻകാർഡിൽ ഭർത്താവ് കേന്ദ്രസർക്കാർ ജീവനം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാസ വരുമാനം 54426 രൂപയാണ്. വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (ജി ഒ(എംഎസ് )11/2018 തസ്വഭവ തീയതി. ) പ്രകാരം മൃഗ സംരക്ഷണ മേഖലയിലെ ആനുകൂല്യത്തിനുള്ള വരുമാന പരിധി 5 ലക്ഷം രൂപയാണ്. മേൽ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/15.2.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധിച്ച് ടി വ്യക്തിക്ക് ആനുകൂല്യത്തിനുള്ള അർഹത പരിശോധിക്കേണ്ടതാണ്.

## 1-29 കോഴി വളർത്തൽ കൈപ്പറ്റ് രസീത് ഇല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പദ്ധതി നമ്പർ-107/22

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 2/23.10.21 | 89400 |
| 4/8.12.21 | 82200 |
| 6/16.3.22 | 91200 |
| 14/25.3.22 | 14400 |

കോഴി വളർത്തൽ പദ്ധതിക്കായി 4620 കോഴിക്കുഞ്ഞുങ്ങളെ വാങ്ങി 10എണ്ണത്തിന്റെ യൂണിറ്റായി (50% സബ്സിഡി) 462 പേർക്ക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് ഫയലിൽ ഇല്ല (ഓഡിറ്റ് എൻക്വയറി നമ്പർ -17/15.2.2023). കൈപ്പറ്റ് രസീത് ഹാജരാക്കാത്തതിനാൽ ചെലവ് തുക 277200 രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 കൃഷിഭവന് ചുറ്റുമതിൽ -പാർട്ട് ബിൽ നൽകി ഒരു വർഷമായിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്റ്റ്നം:170/22
കൃഷിഭവന് ചുറ്റുമതിൽ
അടങ്കൽ തുക:300000
ചെലവ് തുക:92624
നിർവ്വഹണ ഉദ്യോഗസ്ഥ: അസി.എഞ്ചിനീയർ
വാർഡ് 10
T.S:69760/ 2021-22/ 31.12 .21
T S Amt: 300000
Duration As Per T S: 6 Months
എസ്റ്റിമേറ്റ് PAC: 267 798
എഗ്രിമെന്റ് തിയതി:31.1.22
അളവ് പുസ്തകം നം.145/ 20-21
1. കൃഷിഭവന് ചുറ്റുമതിൽ നിർമിച്ച് അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനാണ് പ്രൊജക്റ്റ് വെച്ചത്.
എസ്റ്റിമേറ്റ് റിപ്പോർട്ടനുസരിച്ച് കെട്ടിടത്തിന്റെ മുൻഭാഗത്ത് 50 * 50 അളവിൽ രണ്ടു Gate Piller ഉൾപ്പെടെ 55.8 M നീളത്തിൽ തറ കെട്ടി സംരക്ഷിക്കുന്നതിനും 28 മീ. നീളത്തിൽ 1.2 മീ. ഉയരത്തിൽ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയത്. ഭരണ സമിതിയുടെ 19.1.2 2 ലെ 19 (2) നം. തീരുമാനം പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 21.67% കുറവ് രേഖപ്പെടുത്തിയ രഞ്ജിത്ത് T സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് തീരുമാനിച്ചു.
മേൽ പ്രവൃത്തി ഫസ്റ്റ് പാർട്ട് ബിൽ നൽകി ഓഡിറ്റ് തിയ്യതിയിലും പൂർത്തിയാകാതെ നിൽക്കുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള 11 ഇനങ്ങളിൽ ഇനം 1, 2, 3, 7 എന്നിവ മാത്രമാണ് ഭാഗികമായി ചെയ്തിരിക്കുന്നത്. ഫസ്റ്റ് ആന്റ് പാർട്ട് ബിൽ നൽകുന്നതിനായി അവസാന ചെക്ക് മെഷർ നടത്തിയത് 25.3.22 നാണ്. 14.2.23 ന് പഞ്ചായത്ത് അസി.എഞ്ചിനീയറുമായി നടത്തിയ സ്ഥല പരിശോധനയിൽ കൃഷിഭവന്റെ കിഴക്കും പടിഞ്ഞാറും വശങ്ങളിൽ മതിലിനുള്ള ഫൗണ്ടേഷൻ മാത്രമാണ് ഭാഗികമായി ചെയ്തിട്ടുള്ളതെന്ന് വ്യക്തമായി. എസ്റ്റിമേറ്റു പ്രകാരമുള്ള മറ്റു പ്രവൃത്തികൾ ഒന്നും തന്നെ ചെയ്തിട്ടില്ല. ഓഡിറ്റ് തിയ്യതിയിൽ ഏതാണ്ട് ഒരു വർഷം പൂർത്തിയാകാറായിട്ടും നാളിതു വരെയും എസ്റ്റിമേറ്റു പ്രകാരമുള്ള തുടർപ്രവൃത്തി നടത്താതെ പാർട്ട് ബിൽ നൽകി നിർത്തിയിരിക്കുന്നു. അതിർത്തി തർക്കത്തെ തുടർന്ന് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് പരിഹരിച്ചതായും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുമെന്നും ഓഡിറ്റ് എൻക്വയറിക്ക് (10/ 15 .2.23) മറുപടി നൽകി. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 തൊഴിലുറപ്പ് പദ്ധതിയുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ.

ഓഡിറ്റു വർഷത്തിൽ ആകെ 253 പ്രോജക്ടുകൾ നടപ്പിലാക്കിയതായി തൊഴിലുറപ്പ് പദ്ധതി വർക്ക് രജിസ്റ്ററിൽ രേഖയുണ്ട്. വിശദമായ പരിശോധനയ്ക്ക് റാൻഡം സാംപ്ലിംങ് വഴി ഏതാനും ഫയലുകൾ തെരഞ്ഞെടുക്കുകയുണ്ടായി. അവയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നേരിട്ട് മെറ്റീരിയൽ സപ്ലൈ നടത്തിയ പ്രവർത്തിയിൽ മെറ്റീരിയൽ ബിൽ സൂക്ഷിച്ചിട്ടില്ല.

എല്ലാ വാർഡുകളിലും മിനി എം.സി.എഫ് നിർമ്മാണം എന്നൊരു പ്രോജക്ട് നേരിട്ട് മെറ്റീരിയൽ വില നൽകി ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന ഫയലിൽ മെറ്റീരിയൽ വില നൽകിയിട്ടുണ്ട് എങ്കിലും മെറ്റീരിയൽ ബിൽ ചേർത്തിട്ടില്ല.
ഉദാ. വാർഡ് 3 മിനി എം.സി.എഫ് നിർമ്മാണം. എം.ബുക്ക് നമ്പർ. 42/21-22. മെറ്റീരിയൽ തുക.34053.

2. വിവിധ തോടുകളുടെ സംരക്ഷണത്തിനായി വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ സ്റ്റോക്ക് വിതരണം തൃപ്തികരമല്ല.

വിവിധ ഇടങ്ങളിലെ ആവശ്യങ്ങൾക്കായി കയർ ഭൂവസ്ത്രം വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് സ്റ്റോക്കിൽ നിന്ന് വിതരണം ചെയ്തതിന്റെ വിവരങ്ങൾ പരിശോധനവിധേയമാക്കിയ ഫയലുകളിലെ എം. ബുക്കുമായി

യോജിക്കുന്നില്ല.

ഉദാ. എം.ബുക്ക് 11/21-22 , Wc 378496. വാർഡ് 11 . പെരും തോട് ആഴം കൂട്ടിപുനരുദ്ധാരണവും കയർഭൂവസ്ത്രം ഉപയോഗിച്ച് സൈഡ് സംരക്ഷണവും. എം.ബുക്ക് പേജ്. 7 പ്രകാരം ആകെ 549.5 മീറ്റർ ക്യൂബ് കയർഭൂവസ്ത്രം ഈ പ്രവർത്തിക്കായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഈ വിവരം സ്റ്റോക്ക് ബുക്കിൽ ചേർത്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച മറുപടി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം ലഭിച്ച സംയുക്ത പ്രൊജക്ടുകളിൽ തുക ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവ ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ചതിന്റെ വിവരം |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് ലൈൻ വലിക്കൽ | - | 509990 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| PWD ഇലക്ട്രോണിക് ഡിവിഷൻ | പഞ്ചായത്ത് ഓഫീസിലേക്ക് സിസിടിവി സ്ഥാപിക്കൽ | - | 384000 | 0 | ,, |
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ (S0248/21) | - | 2150128 | 0 | ,, |
| PWD ഇലക്ട്രോണിക് ഡിവിഷൻ | എസ് സി കോളനി മിനിമാസ്റ്റ് | - | 1193893 | | ,, |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ചേർക്കുവാൻ സാധിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപം സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

| ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/ തിയ്യതി |
|---|---|---|---|
| 2019-20 | 15730,<br>550,<br>495 | NSS കരയോഗം, സിഎച്ച്സി പെരിഞ്ഞനം, ജിയുപിഎസ് പെരിഞ്ഞനം | 1210101108/17.11.2021<br>1210102319/18.12.2021<br>1210102307/17.12.2021 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതിനാൽ വിവരം ചേർക്കുവാനായിട്ടില്ല. രേഖകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82427041.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88853833.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 433020 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| തടസ്സം ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 126000 | സുജാത പി, സെക്രട്ടറി (റിട്ട.) |
| 1-21 | 29820 | ഹെഡ്മിസ്ട്രസ്, രാജശ്രീ ടി |
| 1-29 | 89400<br>82200<br>105600 | ഡോ.സാജു ജോർജ്ജ്, വെറ്ററിനറി സർജൻ. ഡോ. സിബി സോമു ഡോ.ശിവനാരായണൻ, വെറ്ററിനറിസർജൻ |
| ആകെ | 433020 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുജാത പി ,സെക്രട്ടറി (റിട്ട.) | വിരമിച്ചു. | കൊറാട്ടിൽ ഹൗസ്, കൊടുങ്ങല്ലൂർ പി.ഒ |
| രാജശ്രീ ടി , ഹെഡ്മിസ്ട്രസ്, | എച്ച്.എം.യു.പി.എസ്സ്. പെരിഞ്ഞനം. | വേലിക്കകത്ത് , മതിലകം.പി.ഒ. |
| ഡോ.സാജു ജോർജ്ജ്, വെറ്ററിനറി സർജൻ | ലഭ്യമല്ല. | കുടിയാറ്റിൽ ഹൗസ്, കളത്തിൽ ലൈൻ, ആലുവ |
| ഡോ.ശിവനാരായണൻ, വെറ്ററിനറിസർജൻ | വെറ്ററിനറി സർജൻ പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | തങ്ങളാഴി ഹൗസ്, കല്ലേപ്പടി റോഡ്, മുളങ്കുന്നത്തുകാവ് പി. ഒ, തൃശ്ശൂർ |

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

4.ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേ-ഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/CH/SCH) |
|---|---|---|---|---|---|
| 1 | 1996-97 വരവ് | എൽ.എഫ്.ടി(12)-1868/04 തീ.11.5.05/26.09.05 | 4 | 2-3, 2-4, 2-5, 2-6 | |
| 2 | 1996-97 ചെലവ് | എൽ.എഫ്.ടി(5)-1407/97 തീ.01.07.99 | 24 | 1, 2, 3, 4, 5, 6, 7(എ,ബി), 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24 | |
| 3 | 1997-98 വരവ് | എൽ.എഫ്.ടി(12)-1867/04 തീ.13.05.05 | 6 | 2-1, 2-2, 2-3, 2-4, 2-5, 2-6 | |
| 4 | 1997-98 ചെലവ് | എൽ.എഫ്.ടി(19) 1020/99 | 29 | 3-4, 4(CAR), 13, 14, 15, 16, 17, 18, 19, 20, 21, 22, | 4 CAR |

| | | | | | |
|---|---|---|---|---|---|
| | | തീ.24.12.99 | | 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39 | |
| 5 | 1998-99 വരവ് | എൽ.എഫ്.ടി(12)-91/06 തീ.20.05.06/ 21.07.06 | 2 | 2-1, 2-2 | |
| 6 | 1998-99 ചെലവ് | എൽ.എഫ്.ടി(19)-59/01 തീ.5.3.01 | 12 | 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 20 | |
| 7 | 1999-2000 | എൽ.എഫ്.ടി(12)- 339/03 തീ.5.6.03 | 19 | 12, 13, 14, 15, 16(1,2), 17, 18, 19, 20, 21, 22, 24, 25, 26, 27, 28, 29, 30എ, 30ബി,31 | |
| 8 | 2000-01 വരവ്-ചെലവ് | എൽ.എഫ്.ടി12-368/08 തീ.31.08.09/ 10.11.09 | 4 | 2-2എ, 2-3, 3-1, 3-2 | |
| 9 | 2000-01 To 2001-02 ജനകീയാസൂത്രണം | എൽ.എഫ്.ടി(12)- 1402/03 തീ.3.11.03 | 4 | 5, 6, 11, 13 | |
| 10 | 2001-02 | എൽ.എഫ്.ടി(12)- 363/08 തീ.31.08.09 | 2 | 3-1, 3-2 | |
| 11 | 2005-06 | എൽ.എഫ്.ടി(12)- 664/10 തീ.25.1.11 | 2 | 3-2(1,2) 3-5.2(3,5) | |
| 12 | 2006-07 | എൽ.എഫ്.ടി(12)- 665/10 തീ.25.10.11/4.11.11 | 2 | 3-3(3), 3-7(4) | |
| 13 | 2007-08 | എൽ.എഫ്.ടി(പി3)- 487/12 തീ.31.08.12 | 2 | 3-5, 3-6(3,4,5,6) | |
| 14 | 2008-09 | എൽ.എഫ്.ടി(പി.3)- 488/12 തീ.3.9.12 | 2 | 3-4, 3-7 | |
| 15 | 2009-10 | എൽ.എഫ്.ടി(പി.3)- 489/12 | 3 | 2-1, 3-1(3), 3-3 | |

| | | | | | |
|---|---|---|---|---|---|
| | | തീ.31.08.12 | | | |
| 16 | 2010-11 | എൽ.എഫ്.ടി(പി.3)-490/12 തീ.31.8.12 | 9 | 3-3, 3-4(1), 3-6, 3-7, 3-9, 3-10, 3-11, 3-14, 3-15 | |
| 17 | 2011-12 | എൽ.എഫ്.ടി(പി.3)-892/13 തീ.19.09.13 | 13 | 2-5(ബി 1,2), 2-6, 3-2, 3-6, 3-7എ, 3-7ബി, 3-8, 3-9, 3-10, 3-11, 3-12, 3-13എ, 3-13ബി, 3-15, 3-16 | |
| 18 | 2012-13 | എൽ.എഫ്.ടി(പി.3)-372/14 തീ.5.7.14/8.8.14 | 13 | 3-1, 3-3, 3-4, 3-6,3-7 (1,2,3,4,7,8,9, 10,11,12), 3-8, 3-11,3-12,3-13, 3-14,3-15, 3-16,3-17 | |
| 19 | 2013-14 | കെ.എസ്.ടി.എസ്.ആർ (പി.3)-182/16 തീ.10.02.16 | 3 | 3-2, 3-15, 3-16 | |
| 20 | 2014-15 | കെ.എസ്.എ.ടി .എസ്. ആർ (പി.3)-1275/16 തീ.29.07.16 | 1 | 3-2 | |
| 21 | 2015-16 | കെ.എസ്.എ.ടി .എസ് .ആർ (പി.3)-1743/16 തീ.19.10.16 | 3 | 2-1, 3-3, 3-5 | |
| 22 | 2016-17 | കെ.എസ്.എ. ടി.എസ്. ആർ (പി.3)-1409/17 തീ.23.09.17 | 7 | 2-3(II)-1, 2-4, 3-1, 3-15(1,2,3), 3-19, 3-20, 3-21(1,2,3,5) | |
| 23 | 2017-18 | കെ.എസ്.എ. ടി.എസ് .ആർ (പി.3)-491/19 തീ.15.6.19 | 7 | 3-6(1,3), 3, 8, 3-9(ബി,സി), 3-10,3-11, 3-12(2), 3-14 | |
| 24 | 2018-19 | കെ.എസ്.എ. ടി.എസ് .ആർ (പി.3)-90/2020 തീ.23.01.2020 | 17 | 1-2(2),(3),(4), (6), (7), 1-3, 1-4, 1-6, 1-7, 1-8, 1-9(1)(3), 1-10, 1-12, 1-13, 1-14, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-16, 1-17, 1-18, 1-20, 1-22, 1-23 | |
| 25 | 2019-20 | കെ.എസ്.എ. ടി.എസ് .ആർ (പി.11)-63/22 തീ.05.05.2022 | 18 | 1-19, 1-20, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48 | |
| 26 | 2020-21 | കെ.എസ്.എ. ടി.എസ് .ആർ (പി.11)-64/22 തീ.05.05.2022 | 28 | 1-23, 1-32, 1-38, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-48, 1-49, 1-51, 1-52, 1-53, 1-54, 1-55, 1-56, 1-57, 1-58, 1-59, 1-60, 1-1, 1-62, 1-63, 1-64, 1-65, 2-1, 3-1 | |
| | ആകെ | | 236 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്